സലാഹുദ്ദീൻ ചൂനൂർ




ആദാമിനെന്ന പോലെ
'ആപ്പിളി'ൽ ഇന്നും
ആർത്തിയുടെ അടയാളവും
അതിരു ലംഘനത്തിന്റെ
അറിയിപ്പുമുണ്ട് ......

പരിധിക്കപ്പുറം
പ്രലോഭനങ്ങളുടെ
പൊയ് മുഖം മറച്ച്
പൊരി വെയില് ചൂണ്ടി
പെരുമഴയെന്നെഴുതുന്ന
പുത്തൻ പഠിപ്പിന്റെ
പർണ്ണശാലയുണ്ട് ....

കാഴ്ചകൾക്കിപ്പുറം
കാപട്യങ്ങളുടെ
കന്മതിലുയർത്തി
കണ്ണുണങ്ങാത്ത കാഴ്ചകളെ
കുത്തിയുടക്കുന്ന
കൂർപ്പും കൂരമ്പുമുണ്ട് ...
ചൂണ്ടാണി വിരലിൽ
ചൂണ്ടകൾ കെട്ടി
ചെറുമീനിനെ ഇരകോർത്തൊരുക്കി
ചുഴിയാഴങ്ങളിൽ
ചെഞ്ചായം തിരയുന്ന
ചുവന്ന കണ്ണുകളുണ്ട് .....

കടും കാഴ്ചകളുടെ
കൗതുകപ്പുര കണ്ട്
കൂരിരുട്ടിലൊളിച്ച
കറുത്ത കുമിളകൾ
കൂട്ടാക്കിത്തുഴയുന്ന
കുഞ്ഞു ബാല്യങ്ങളുണ്ട് ..

ചരിത്ര ശേഷിപ്പിന്റെ
ചിതൽ പുറ്റിനുള്ളിൽ
ചുരുണ്ടുറങ്ങുന്ന അധിനിവേശം
ചന്തമുള്ളോരാപ്പിൾ
ചൂണ്ടയിൽ കൊരുത്ത്
ചിന്തയിൽ നഞ്ഞൊഴിക്കുന്നുണ്ട്... ■

# ചൂണ്ടുവിരൽ

നൗഷാദ് പെരുമാതുറ

ഒരിക്കലെന്റെ വാക്കുകൾ
നിന്റെ മുന്നിൽ
നേരിന്റെ തിരിച്ചറിവായി
ഉയർന്നുവരും.

അന്നു നീ തിരിച്ചറിയും...
തള്ളവിരൽ നഷ്ടപ്പെട്ടെങ്കിലും
ചൂണ്ടുവിരൽ കൊണ്ട്
ഞാൻ നേടിയ സാമ്രാജ്യങ്ങൾ. ■

Vol. No: 70 Issue No. 23 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla